പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :642 04.02. 2020 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യിലെ കരാർ തൊഴിലാളികൾ

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി.

മറുപടി

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ കരാർ തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽ പെട്ടാൽ ചികിത്സക്കും മറ്റുമായി ധനസഹായം നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ; | (എ) 5 ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കൽതുകയുള്ള പ്രവൃത്തികൾ ഏറ്റെടുത്തുനടത്തുന്ന കരാറുകാരന്റെ തൊഴിലാളികൾക്ക് ജോലിയ്ക്ക് ഇടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമായിട്ടുള്ള 1923 - ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകളിന്മേൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ ഇത്തരം തൊഴിലാളികൾക്ക് ചികിത്സാസഹായം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥകൾ ഇല്ല. 5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. 5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. |
| (ബി) ഇത്തരം തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽ പെട്ടാൽ കെ.എസ്.ഇ.ബി. ധനസഹായം അനുവദിക്കാറുണ്ടോ;<br><br>(സി) ഇത്തരം തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽപെട്ട് | (ബി) & (സി) 5 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. നഷ്ടപരിഹാരത്തിന്റെ അർഹത പരിശോധിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് അർഹമാണെന്ന് കണ്ടാൽ താമസംവിനാ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. |

| | |
|---|---|
| മരിക്കുകയോ ഗുരുതരമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ പ്രസ്തുത തൊഴിലാളികളുടെ കുടുംബത്തിന് ന്യായമായ നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (i). <u>മരണാനന്തര നഷ്ടപരിഹാരം.</u><br><br>1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.<br>2. ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്. (1923 - ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം)<br><br>(ii). <u>മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം.</u><br><br>1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.<br>2. അപകടം സംഭവിക്കുന്ന തൊഴിലാളിയ്ക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസിക നഷ്ടപരിഹാരം.<br><br>ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മിഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിലും കോടതി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു. കോടതികൾ കാലതാമസം ഉണ്ടാക്കുന്ന സാഹചര്യങ്ങളിലും അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിക്കുന്നതിന് അപകടം സംഭവിച്ച വ്യക്തി/മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ